കാർഷിക ഗ്രാമ വികസന ബാങ്കിന്റെ വായ്പാ ലക്ഷ്യവും എം. ഡി.-യുടെ ഒഴിവും

141 [1403] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക-ഗ്രാമ വികസന ബാങ്കിന്റെ ഈ വർഷത്തേയും മുൻ വർഷത്തേയും മൊത്തം വായ്പാ ലക്ഷ്യം എത്ര കോടിയുടേതായിരുന്നു;

(ബി) മുൻ വർഷം എത്ര കോടി വായ്പ നല്കുകയുണ്ടായി; ഈ വർഷം ഇതിനകം നല്കിയ വായ്പ എത്ര;

(സി) ബാങ്കിലെ നിയമനം പി.എസ്.സി.-യ്ക്ക് വിട്ടതിനുശേഷം ഇതിനകം എത്ര പേർ റിട്ടയർ ചെയ്യുകയുണ്ടായി; ഒഴിവുകളിലേക്ക് പി.എസ്.സി. നിയമനം നടത്തുകയുണ്ടായോ; റിക്രൂട്ട്മെന്റ് ചട്ടങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ;

(ഡി) ബാങ്കിൽ മാനേജിംഗ് ഡയറക്ടറുടെ തസ്തിക എത്ര മാസമായി ഒഴിഞ്ഞുകിടക്കുന്നു;

(ഇ) മാനേജിംഗ് ഡയറക്ടറായി ഐ.എ.എസ്. ആഫീസറെ നിയമിക്കാൻ നബാർഡ് നിർദ്ദേശിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ വർഷം 350 കോടി രൂപയും മുൻ വർഷം 275 കോടി രൂപയും.

(ബി) മുൻ വർഷം 268.54 കോടി രൂപ വായ്പ നൽകി. ഈ വർഷം (25-6-2004 വരെ) 45.23 കോടി രൂപ വായ്പ നൽകി.

(സി) ബാങ്കിലെ നിയമനം പി.എസ്.സി.-യ്ക്ക് വിട്ടതിനുശേഷം 51 പേർ വിവിധ തസ്തികകളിലായി റിട്ടയർ ചെയ്യുകയുണ്ടായി. ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമനം നടത്തിയിട്ടില്ല. റിക്രൂട്ട്മെന്റ് ചട്ടങ്ങൾക്ക് അന്തിമ രൂപം ആയിട്ടില്ല.

(ഡി) 1-7-2002 മുതൽ ഒഴിഞ്ഞു കിടക്കുന്നു.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly